## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 12.03.2018-ൽ

ചോദ്യം നമ്പർ - 2548 മറുപടിയ്ക്ക്

### ഏറ്റുമാനൂർ-എറണാകുളം റോഡിലെ വളവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഏറ്റുമാനൂർ - എറണാകുളം റോഡിലെ വളവുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് ഡയറക്ട് പർച്ചേയ്സിനു വേണ്ടി സ്ഥലമുടമകളുടെ സമ്മതപത്രം പൊതു മരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) സമർപ്പിച്ചിട്ടുണ്ട്. |
| (ബി) 17/10/2016-ൽ കോട്ടയം ജില്ലാകളക്ടർ ഡയറക്ട് പർച്ചേയ്സിന് ശിപാർശ ചെയ്തുവെങ്കിലും പൊതുമരാമത്ത് വകുപ്പ് സ്ഥലമുടമകളുടെ സമ്മതപത്രം സഹിതമുള്ള റിക്വിസിഷൻ ഇതുവരെയും സമർപ്പിക്കാത്തതു കാരണം പദ്ധതി നീണ്ടു പോകുന്നത് തടയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) സ്ഥലമുടമകളുടെ സമ്മതപത്രം സഹിതമുള്ള റിക്വസിഷൻ കോട്ടയം ജില്ലാ കളക്ടർക്ക് 29.01.2018-ന് സമർപ്പിച്ചിരുന്നെങ്കിലും തിരുത്തലിനു വേണ്ടി മടക്കിയിരുന്നു. ആയത് 05.03.2018-ൽ ജില്ലാ കളക്ടർക്ക് പുനഃസമർപ്പിച്ചിട്ടുണ്ട്. |
| (സി) ഇനിയുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; പെൻഡിങ്ങ് ജോലികൾ എത്ര ദിവസം കൊണ്ട് തീർക്കും എന്നറിയിക്കാമോ; | (സി) ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വില റവന്യൂ വകുപ്പ് നിശ്ചയിച്ച് സർക്കാരിലേക്ക് ഫണ്ടിനായി പ്രൊപ്പോസൽ സമർപ്പിക്കേണ്ടതും, ഫണ്ട് ലഭ്യമാകുന്ന മുറക്ക് സ്ഥലമുടമകൾക്ക് വില നൽകി രജിസ്ട്രേഷൻ നടത്തി സ്ഥലം ഏറ്റെടുക്കുകയുമാണ് ചെയ്യുന്നത്. ടി നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) സർക്കാരിന്റെ വികസന പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിന് മനഃപൂർവ്വം കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) വികസന പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിന് മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ